**വളരെ അടിയന്തിരം / സമയബന്ധിതം**

PAN/7356/2021-E1(DP)

**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം**
**സ്വരാജ് ഭവൻ, നന്തൻകോട്**
**കവടിയാർ പി.ഒ. തിരുവനന്തപുരം – 695003**
directorofpanchayat@gmail.com
**0471-2323286** **തീയതി : 07/12/2022**

**പഞ്ചായത്ത് ഡയറക്ടർ**

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

സർ,

വിഷയം: പഞ്ചായത്ത് വകുപ്പ് – ഭാഷാന്യൂനപക്ഷ സെക്രട്ടറി തസ്തികയിലേക്കുള്ള താത്ക്കാലിക സ്ഥാനക്കയറ്റത്തിനായി ജീവനക്കാരുടെ മുൻഗണന പട്ടിക തയ്യാറാക്കുന്നത് – സംബന്ധിച്ച്

സൂചന:
1. സ.ഉ(കൈ) നം.506/62/PD തീയതി 03/10/1962
2. G.O (P) 20/2012/P&ARD തീയതി 21/04/2012
3. സ.ഉ(സാധാ)നം.2577/2022/തസ്വഭവ തീയതി 22/10/2022

സൂചന(1) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നടത്തുന്ന തമിഴ്/കന്നട ന്യൂനപക്ഷ പരീക്ഷ പാസ്സായ അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരെ KS&SSR ചട്ടം 9(d) പ്രകാരം താത്ക്കാലികമായി സെക്രട്ടറിയായി ഉദ്യോഗക്കയറ്റം നൽകി തമിഴ് ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളായ ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല , ദേവികുളം താലൂക്കിലും പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ ഗ്രാമപഞ്ചായത്തുകളിലും കന്നട യോഗ്യതയുള്ളവരെ കാസറഗോഡ് ജില്ലയിലെ ഭാഷാ ന്യൂനപക്ഷ പഞ്ചായത്തുകളിലും നിയമിച്ചിരുന്നു. S.R.O NO.371/2012 നമ്പരായി വിജ്ഞാപനം ചെയ്തിട്ടുള്ള സൂചന(2) ഉത്തരവ് പ്രകാരം 1958 ലെ KS&SSR PART II ലെ ചട്ടം9(d)-ൽ ഭേദഗതി വരുത്തി യോഗ്യത പുന:നിശ്ചയിച്ചിട്ടുണ്ട്. നിശ്ചയിച്ചിട്ടുള്ള യോഗ്യതയുള്ള ജീവനക്കാരുടെ മുൻഗണന ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഭാഷാ ന്യൂനപക്ഷ പഞ്ചായത്തുകളിലേക്ക് താത്ക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിന് സാധിക്കാത്ത സ്ഥിതിയാണുള്ളത്.

തമിഴ് ഭാഷാന്യൂനപക്ഷ പഞ്ചായത്തുകളിലേക്ക് ഭാഷാപ്രാവീണ്യമുള്ള ജീവനക്കാരെ നിയമിക്കണമെന്നാവശ്യപ്പെട്ട് ശാന്തൻപാറ ഗ്രാമപഞ്ചായത്ത് വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. പി.റ്റി. മുരുകൻ ബഹു. ഹൈക്കോടതി മുമ്പാതെ WP (c) no23388/2022 നമ്പരായി റിട്ട് ഹർജി ഫയൽ ചെയ്യുകയും ആയതിൽ മേലുള്ള 20/07/2022 ലെ വിധിന്യായപ്രകാരം ടിയാന്റെ അപേക്ഷ പരിഗണിക്കുന്നതിന് സർക്കാരിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു . ബഹു. ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കി സൂചന (3) പ്രകാരം ഉത്തരവായിരുന്നു.

സൂചന (3) ഉത്തരവിൽ ഭാഷാ ന്യൂനപക്ഷ പഞ്ചായത്തുകളിലേക്ക് താത്ക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിന് യോഗ്യതയുള്ള ജീവനക്കാരുടെ മുൻഗണന ലിസ്റ്റ് തയ്യാറാക്കി ആയതിൽ നിന്നും നിയമനം നടത്തുന്നതാണെന്ന് പരാമർശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഭാഷാ ന്യൂനപക്ഷ പഞ്ചായത്തുകളിലേക്ക് താത്ക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിന് യോഗ്യതയുള്ള ജീവനക്കാരുടെ മുൻഗണന ലിസ്റ്റ് തയ്യാറാക്കുന്നതിലേക്കായി പഞ്ചായത്ത് വകുപ്പിലെ അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരിൽ 1-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെ പ്രാദേശിക ഭാഷാ മീഡിയത്തിൽ പഠിച്ചതും കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ഭാഷാ ന്യൂനപക്ഷ പരീക്ഷ പാസ്സായതും അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് തസ്തികയിലെ പ്രൊബേഷൻ പൂർത്തീകരിച്ചതുമായ ജീവനക്കാരുടെ വിവരങ്ങൾ ബന്ധപ്പെട്ട രേഖകളുടെ, ഓഫീസ് മേലധികാരി/ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ ശരി പകർപ്പ് സഹിതം ചുവടെ കാണുന്ന പെർഫോർമയിൽ 15/12/2022 തീയതിക്ക് മുമ്പായി ഈ കാര്യാലയത്തിലേക്ക് ലഭ്യമാക്കേണ്ടതാണ്. മേൽ സമയപരിധി പാലിക്കുന്നതിനു

ബന്ധപ്പെട്ടവർ കൃത്യമായും ശ്രദ്ധിക്കേണ്ടതാണ് .

| ക്രമനമ്പർ | ജീവനക്കാരന്റെ പേര് | നിലവിലെ ഓഫീസ് | അസിസ്റ്റന്റ് സെക്രട്ടറി/ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ സീനിയോരിറ്റി നമ്പർ | അസിസ്റ്റന്റ് സെക്രട്ടറി/ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ പ്രൊബേഷൻ പൂർത്തീകരിച്ച ഉത്തരവ് നമ്പർ & തീയതി | തമിഴ്/കന്നട മീഡിയത്തിലുള്ള 10-ാം ക്ലാസ് സർട്ടിഫിക്കറ്റ് നമ്പർ, പാസായ വർഷം &തീയതി | പി.എസ്.സി നടത്തിയ തമിഴ്/കന്നട ഭാഷ യോഗ്യത പരീക്ഷ സർട്ടിഫിക്കറ്റ് നമ്പർ & തീയതി |
|---|---|---|---|---|---|---|
| | | | | | | |

വിശ്വസ്തതയോടെ

**H. DINESHAN IAS**
**DIRECTOR OF PANCHAYATH**

പകർപ്പ്:-

1.എല്ലാ ജീവനക്കാർക്കും( പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

2 എല്ലാ ഗ്രാമ ജില്ലാ പഞ്ചായത്ത് സെക്രട്ടറി മാർക്കും ( പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

Signature Not Verified

Digitally signed by DINESHAN H
Date: 2022.12.07 10:41:47 IST
Reason: Approved